**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2387 | 05.11.2019 - ൽ മറുപടിക്ക് |
|---|---|

**ജി.എസ്.ടി വന്നശേഷം ലഭിക്കേണ്ട കോമ്പൻസേഷൻ**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : | | ഡോ.ടി.എം.തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ മന്ത്രി) |
| (എ) | ജി.എസ്.ടി നിലവിൽ വന്നശേഷം കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കേണ്ട കോമ്പൻസേഷൻ കൃത്യമായി ലഭിക്കുന്നുണ്ടോയെന്നും ഓരോ വർഷവും ഏത് മാസത്തിലാണ് പ്രസ്തുത കോമ്പൻസേഷൻ ലഭിക്കുന്ന തെന്നും വ്യക്തമാക്കാമോ; | (എ) | ജി.എസ്.ടി. നിലവിൽ വന്ന ശേഷം കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കേണ്ട കോമ്പൻസേഷൻ ലഭിക്കുന്നത്, ജി.എസ്.ടി. കോമ്പൻസേഷൻ ആക്റ്റ് അനുസരിച്ച് ഒരു നിശ്ചിത മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ്. 2015-16-ലെ നികുതി പിരിവിന്റെ 14 ശതമാനം വർദ്ധനവ് കണക്കാക്കി ദ്വൈമാസ അർഹതപ്പെട്ട തുകയായി നിശ്ചയിച്ചിരിക്കുന്നത് 2017-18 സാമ്പത്തിക വർഷത്തേക്ക് 3644 കോടി രൂപയും (ദ്വൈമാസം), 2018-19 സാമ്പത്തിക വർഷത്തേക്ക് 4154 കോടി രൂപയും (ദ്വൈമാസം), 2019-20 സാമ്പത്തിക വർഷത്തേക്ക് 4736 കോടി രൂപയും (ദ്വൈമാസം) ആണ്. ഇതിൽ നിന്നും എസ്.ജി.എസ്.ടി. കളക്ഷനും എസ്.ജി.എസ്.ടി. കളക്ഷനുവേണ്ടി ഉപയോഗിച്ച ഐ.ജി.എസ്.ടി. ക്രഡിറ്റും ആ മാസം ലഭിച്ച എൽ.എൻ.ജി. ഒഴിച്ചുള്ള വാറ്റ് കളക്ഷനും കുറച്ചുള്ള തുക ദ്വൈമാസമായി കോമ്പൻസേഷൻ ലഭിക്കുന്നു. |
| (ബി) | 2017-18 മുതൽ 2019-20 (30.9.2019 വരെ)വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ഓരോന്നിലും പ്രസ്തുത ഇനത്തിൽ എത്ര തുക കോമ്പൻസേഷനായി ലഭിച്ചുവെന്ന് വ്യക്തമാക്കുമോ? | (ബി) | 2017-18 മുതൽ 2019-20 (30.09.2019 വരെ) വരെ ഓരോ സാമ്പത്തിക വർഷത്തിലും പ്രസ്തുത ഇനത്തിൽ ലഭിച്ച കോമ്പൻസേഷൻ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

<table>
<tr>
<td></td>
<td></td>
<td></td>
<td>
(തുക കോടിയിൽ)
<table>
<tr><th>വർഷം</th><th>ലഭിച്ച തുക</th></tr>
<tr><td>2017-18</td><td>2102.00</td></tr>
<tr><td>2018-19</td><td>3532.00</td></tr>
<tr><td>2019-20<br>(30.09.2019 വരെ)</td><td>2146.00</td></tr>
</table>
2019 ആഗസ്റ്റ് - സെപ്റ്റംബർ മാസങ്ങളിലേയ്ക്ക് അർഹതപ്പെട്ട കോമ്പൻസേഷൻ ഇതുവരെ ലഭിച്ചിട്ടില്ല.
</td>
</tr>
</table>

**സെക്ഷൻ ഓഫീസർ**